# ദശാവതാരം ഒരു വീക്ഷണം

**സുധീർ പണിക്കവീട്ടിൽ**




വിഷ്ണുവിൻെറ പത്ത് അവതാരങ്ങളെക്കുറിച്ചാണ് കൂടുതലായി എഴുതപ്പെടുകയും പറയപ്പെടുകയും ചെയ്യുന്നതെങ്കിലും ശിവനും ബ്രഹ്മാവും, അവതാരങ്ങൾ എടുത്തിട്ടുണ്ട്. അവതാരങ്ങളെ പോലെ അവർ മനുഷ്യരെ രക്ഷിക്കയും ദുഷ്ടരെ സംഹരിക്കയും ചെയ്യിട്ടുണ്ടെങ്കിലും അതിനെ അവതാരങ്ങൾ എന്നതിനേക്കാൾ അവർ എടുത്ത രൂപങ്ങൾ എന്ന് പറഞ്ഞ് വരുന്നു.വിഷ്ണുവിൻെറ തന്നെ വേറേയും അവതാരങ്ങൾ ഉണ്ട്. ഭാരതത്തിലെ പ്രമുഖ പൗരാണികശാസ്ര്തജ്ഞനായ ഡോക്ടർ ദേവ്ദത്ത് പട്ടനായിക് ഹിന്ദുപുരാണങ്ങളെ കുറിച്ച് സംഗ്രഹിച്ചെഴുതിയ അദ്ദേഹത്തിൻെറ പുസ്തകത്തിൽ പറയുന്നു "ലോകത്തിൻെറ ആവശ്യങ്ങൾ അനുസരിച്ച് അവതാരങ്ങളുടെ രൂപവും ഭാവവും മാറുന്നുവെന്ന്.. ലോകം മാറിക്കൊണ്ടിരിക്കുന്നു. ഒപ്പം ജീവിത രീതിയും കാഴ്ച്ചപ്പാടുകളും മാറുന്നു. സാമൂഹിക ഭദ്രത്ക്ക് വിട്ട്‌വീഴ്ച്ച വരാതെ അതേ സമയം പുതിയ ആശയങ്ങളെ മാനിച്ച്കൊണ്ടാണു അവതാരങ്ങൾ ഉണ്ടായിട്ടുള്ളത്. ധർമ്മത്തിനു നാശം വന്നുകൊണ്ടിരിക്കുമ്പോൾ ധർമ്മം സ്ഥാപിക്കാൻ ഭഗവാൻ അവതരിക്കുന്നു എന്ന് ഭഗവാൻ തന്നെ പറഞ്ഞിട്ടുണ്ടെങ്കിലും അങ്ങനെ ഒരു ക്രമസമാധാന സ്ഥാപനം മാത്രമായിരുന്നില്ല ഈ അവതാരങ്ങളുടെ ലക്ഷ്യം മറിച്ച് അവ നിലവിലുള്ള നിയമങ്ങളെ പുനർനിർവ്വചിക്കകൂടി ചെയ്യു.ൻറ ന്ഥറ ഒരു പ്രത്യേക ദൗത്യത്തിനു വേണ്ടി മാത്രമല്ല ഒരവതാരം എന്ന് അദ്ദേഹം സ്ഥാപിക്കുന്നു, ദേവതമാർക്കുണ്ടാകുന്ന പ്രതിസന്ധിഘട്ടങ്ങളിലും ഈ അവതാരങ്ങൾ ഇടപെടാറുണ്ടെന്ന് ഡോക്റ്റർ പട്ടനായിക്ക് കൂട്ടിച്ചേർക്കുന്നു.

അതിനു ഉപോൽപലകമായി ലക്ഷ്മിദേവി, സീത, ദ്രൗപദി എന്നിവരുടെ കഥകൾ പറയുന്നു. ദുർവ്വാസാവിൻെറ ശാപം മൂലം ജരാധര വരുകയും ഐശ്വര്യത്തിൻെറ ദേവതയായ ലക്ഷ്മിദേവി ഇറങ്ങിപോവുകയും ചെയ്തപ്പോൾ അതെല്ലാം

വീണ്ടെടുക്കാൻ പാലാഴി മഥനം ചെയ്യേണ്ടി വന്നു. അങ്ങനെ പാലാഴി കടയുമ്പോൾ മന്ഥര പർവതം സമുദ്രത്തിലേക്ക് ആണ്ടുപോയത് വീണ്ടെടുക്കാൻ ഭഗവാൻ കൂർമ്മമായി അവതരിച്ചു. മഥനം തുടർന്നപ്പോൾ കാമധേനു, ഉച്ചൈശ്രവസസ്, ഐരാവതം,പാരിജാതം എന്നിവ പൊന്തി വന്നു. പിന്നീട് ലക്ഷ്മിദേവിയും. ആ വരവിനെ "നാരായണീയ കർത്താവ് മേൽപ്പത്തൂർ ഇങ്ങനെ വിവരിച്ചിരിക്കു ന്നു. " മധുവുണ്ണാൻ പറന്നടുക്കുന്ന വണ്ടുകളുടെ ശബ്ദത്തോടുചേർന്ന വരണമാല്യം കൈകളിലേന്തിയ ദേവി കുചകുംഭങ്ങളുടെ ഭാരം മൂലം  മന്ദം മന്ദം നടന്ന് മ്രുദുശിഞ്ജിതിമുണ്ടാക്കുന്ന മോഹനങ്ങളായ നൂപുരങ്ങളോടും വ്രീളാവിവശത ചേർന്ന വിശേഷസൗന്ദര്യത്തോടും കൂടെ അങ്ങയുടെ അരികിലെത്തി. ( നാരായണീയം ഇരുപത്തിയെട്ടാം ശതകം :6) ഭൂമിദേവിയെ രക്ഷിക്കാൻ വരാഹമായി. സീതയെ രക്ഷിക്കാൻ ശ്രീരാമനായി. ദ്രൗപതിയുടെ മാനംകാക്കാൻ ക്രുഷ്ണനായി അങ്ങനേയും അവതാരങ്ങൾ സഹായിച്ചിരുന്നു.

അതേ സമയം മോഹിപ്പിക്കുന്ന സ്ത്രീരൂപത്തിൽ അവതരിച്ച് അസുരന്മാരെ കബളിപ്പിക്കുന്നുമുണ്ട്. ദേവിമാരുടെ രക്ഷയും മാനവും സംരക്ഷിച്ച ദേവൻ തന്നെ ഒരു മോഹിനിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. അമ്രുത കലശം കൈക്കലാക്കിയ അസുരന്മാരുടെ മുമ്പിൽ മോഹിനി പ്രത്യക്ഷപ്പെട്ടപ്പോൾ അവരെല്ലാം അമ്രുതകലശം മറന്ന് മോഹിനിയുടെ കുചകലശത്തിൽ കൊതിപൂണ്ട് നിന്നു. ആധുനിക തേൻ കെണികളുടെ ഒരു പൂർവ്വരൂപമാണു ഇവിടെ നടക്കുന്നത്. രാഗാഭിനയത്താൽ അസുരന്മാരെ വശത്താക്കി അമ്രുതകുംഭം അവർക്ക് വീതിക്കാമെന്ന ഉറപ്പിൽ അവരിൽ നിന്നും വാങ്ങി. അത് ദേവന്മാർക്ക് മാത്രം വിളമ്പി. എന്നാൽ മോഹിനിയെ നോക്കി കാമലഹരിയിൽ മോഹാന്ധരായി അമ്പരപ്പോടെ ഇരുന്ന അസുരന്മാർ അത് കണ്ടില്ല. രാഹു എന്ന അസുരൻ മാത്രം ദേവന്മാർക്ക് ഒപ്പം പന്തലിൽ ഇരുന്ന് അമ്രുതുണ്ടെങ്കിലും സൂര്യ ചന്ദ്രന്മാർ അത് ഒറ്റികൊടുത്തു. മതിപ്പിക്കുന്ന സ്ത്രീ സൗന്ദര്യത്തിൽ മയങ്ങിപോകുമ്പോൾ കയ്യിൽ വന്ന് ചേർന്ന അമ്രുത് നഷ്ടപ്പെടുന്ന അസുരന്മാർ പിന്നെ ദേവന്മാരുമായി നിരന്തര കലഹത്തിനു ഒരുങ്ങുന്നു. ഈ കാലഘട്ടത്തിലും ഇതേപോലുള്ള സംഭവവികാസങ്ങളാണു നമുക്ക് ചുറ്റും അരങ്ങേറുന്നത്.

പരിണാമസിദ്ധാന്തമനുസരിച്ച് ഏകകോശ ജീവികളാണ്് ആദ്യമുണ്ടാകുന്നത്. പിന്നീട് ബഹുകോശജീവികളുമുണ്ടായി. ആദ്യജീവൻ ആരംഭിച്ചത് ജലത്തിലായിരുന്നു എന്നും ശാസ്ത്രം പറയുന്നു. അങ്ങനെയെങ്കിൽ പത്ത് അവതാരങ്ങൾ മനുഷ്യൻെറ ക്രമപരമായ വളർച്ചയുടെ ഒരു ചിത്രമാണു നമുക്ക് തരുന്നത്. ആദ്യാവതാരം ജലത്തിൽ നിന്നു തന്നെ ആരംഭിക്കുന്നു. അത് മത്സ്യം, പിന്നെ കൂർമ്മം അതിനു വെള്ളത്തിലും കരയിലും ജീവിക്കാം.  പിന്നീട് മ്രുഗങ്ങളും പക്ഷികളും ഉണ്ടാകുന്നതിൻെറ പ്രതീകമായി വരാഹമായി ഭഗവാൻ അവതരിക്കുന്നു. പിന്നത്തെ അവതാരം ഒരു കുറിയ  മനുഷ്യനാണു (വാമനൻ).അതിനു ശേഷം അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന ഒരു പ്രാക്രുത മനുഷ്യൻെറ രൂപത്തിലേക്ക് മനുഷ്യൻ പരിണമിച്ച് കഴിഞ്ഞു അവതാരങ്ങളിൽ അപ്പോൾ പരശുരാമനാണു.  തൻെറ പരശുമായി അദ്ദേഹം ക്ഷത്രിയനമാരെ ഉന്മൂലനം ചെയ്തു. പിന്നെ പശ്ചാത്ത്പിച്ചു. പിന്നെ പടിപടിയായി നാഗരികതയിലേക്കും കുടുംബ ജീവിതത്തിൻെറ

കെട്ടുറപ്പിലേക്ക് മനുഷ്യൻ പുരോഗമിക്കാൻ തുടങ്ങി. ആർജ്ജവം, ധൈര്യം, ധർമ്മനീതി എന്നെ ഗുണങ്ങളുമായി രാമൻെറ അവതാരമുണ്ടാകുന്നു. പിന്നീട് വന്ന ക്രുഷ്ണാവതാരം ഗീതോപദേശത്തിലൂടെ മനുഷ്യരെ കർമ്മോന്മുഖരാക്കി. അവസാനത്തെ അവ്താരമായ കലി ഒരു വലിയ അഗ്നിബാധയിലൂടെ ഒരു കൂട്ടനാശമുണ്ടാക്കാൻ എത്തുമെന്നാണു് വിശ്വാസികൾ കണക്ക് കൂട്ടുന്നത്.

ഓരോ അവതാരത്തിൻെറ പുറകിലും ഓരൊ കഥകൾ ഉണ്ടെന്നുള്ളതും രസാവഹമാണു.ചില കഥകൾ മറ്റ് രാജ്യങ്ങളിൽ പ്രചാരമുള്ള കഥകളുമായി സാമ്യമുള്ളതും നമ്മേ അതിശയിപ്പിക്കുന്നു. ഈ ഭൂമിയിൽ ഒരു പ്രളയമുണ്ടായിരുന്നെന്നും ഒരു രക്ഷകൻ അപ്പോൾ വന്നെന്നും ലോകത്തിൽ മിക്ക രാജ്യങ്ങളിലേയും പുരാണങ്ങളും ഇതിഹാസങ്ങളും സാക്ഷ്യപ്പെടുത്തുന്നു. പ്രഥമാവതാരമായ മത്സ്യത്തെ കുറിച്ചു പറയുമ്പോൾ വിവരിക്കുന്ന പ്രളയത്തെക്കുറിച്ച് ലോകത്തിലെ മിക്ക രാജ്യങ്ങളിലേയും മതങ്ങളും സാഹിത്യവും അവിടെയുണ്ടായ പ്രളയത്തെപ്പറ്റി പറയുന്നുതായി കാണുന്നുണ്ട്. ബൈബിളിലെ നോഹയുടെ കഥയും മത്സ്യാവതാരത്തിലെ കഥയും ചേർന്നു നിൽക്കുന്നു. ആറാമത്തെ മന്വന്തരത്തിൻെറ അവസാനത്തിൽ ബ്രഹ്മാവിൽ നിന്നും ഹയഗ്രീവനെന്ന അസുരൻ വേദങ്ങൾ മോഷ്ടിച്ചു.

അത് വീണ്ടെണ്ടുക്കാനാണു വിഷ്ണു മത്സ്യമായി അവതരിച്ചത്. കഥ ചുരുക്കത്തിൽ – സത്യ്വ്രതൻ എന്ന റ്ഷി നദിജലത്തിൽ തർപ്പണം ചെയ്തുകൊണ്ടിരിക്കെ കൈകൾ കൂട്ടിച്ചേർത്തപ്പോൾ ഒരു ചെറുമീൻ കയ്യിൽപ്പെട്ടു. അതിനെ നദിയിലേക്കിട്ടപ്പോൾ അത് മറ്റ് മത്സ്യങ്ങളെ കണ്ട് പേടിക്കുന്നത് കണ്ട് ഒരു പാത്രത്തിൽ നിറച്ച് കൂടെ കൊണ്ട്പോയി. എന്നാൽ കുറച്ച്ദിവസങ്ങൾ കൊണ്ട് മീൻ അസാധാരണ വലുപ്പം വച്ച്. അത് ഒരു സാധാരണ മീനല്ലെന്ന് മനസ്സിലാക്കിയ റുഷിയോട് മത്സ്യം പറഞ്ഞു. ഏഴു ദിവസങ്ങൾക്കുള്ളിൽ ഈ ഭൂമിയിൽ പ്രളയമുണ്ടാകും. അപ്പോൾ ഒരു തോണി നിന്നെ സമീപിക്കും, ജീവജാലങ്ങളിൽ ഓരോ ഇണകളെ കൂട്ടി നീ അതിൽ കയറുക. സപ്തർഷികളും അതിലുണ്ടായിരിക്കും.പ്രളയാവസാനത്തിൽ അസുരനെ കൊന്ന് വേദങ്ങൾ വീണ്ടെടുത്ത് ബ്രഹ്മാവിനെ ഏൽപ്പിക്കുന്നതോടെ അവർതാരലക്ഷ്യം പൂർണ്ണമാകുന്നു. ഹിന്ദു വിശ്വാസപ്രകാരം ഇപ്പോൾ കലികാലമാണു്. ഇതിനുമുമ്പ് മൂന്ന് യുഗങ്ങൾ കഴിഞ്ഞു, അവ യഥാക്രമം സത്യയുഗം,ത്രേത യുഗം, ദ്വാപുര യുഗം എന്നിവയാണു്. സത്യയുഗത്തിൽ നൂറ് ശതമാനവും സത്യധർമ്മങ്ങൾ പുലർന്നിരുന്നു. ത്രേതായുഗത്തിൽ അത് എഴുപത്തിയഞ്ചായി. ഈ യുഗത്തിൽ അഗ്നിഹോത്രികൾ ഗാർഹപത്യം, ഗാർഹികമായ കർമ്മങ്ങൾക്ക്, ദാക്ഷിണാത്യം – പിത്രുകർമ്മങ്ങൾക്ക്, ആവഹനീയം, യാഗാദികർമ്മങ്ങൾക്ക് – എന്നീ അഗ്നികളെ ആരാധിച്ചിരുന്നു. ഈ മൂന്നു അഗ്നികളും യഞ്ജ്സംബന്ധിയായത്കൊണ്ട് ധാർമ്മിക ജീവിതം മേന്മയുള്ളതായിരുന്നു. എന്നാൽ ദ്വാപുര യുഗം ആ വാക്കിൻെറ അർഥം പോലെ സംശയത്തിൻെറ യുഗമായിരുന്നു. അതിൽ അമ്പത് ശതമാനം സത്യം പുലർന്നിരുന്നുള്ളു. കലിയുഗത്തിൽ അത് ഇരുപത്തിയഞ്ച് ശതമാനമാണു്. ധാർമ്മികമായി ജനങ്ങൾ അധ:പതിക്കുമ്പോൾ ഹിന്ദു വിശ്വാസമനുസരിച്ച് ഈശ്വരൻ ഓരോ രൂപത്തിൽ അവതരിക്കുന്നു. അവതാരങ്ങളെ കുറിച്ച് എല്ലാ

മതങ്ങളിലും സൂചനയുണ്ട്. നോസ്ട്രഡാമിന്റെ പ്രവചനമനുസരിച്ച്- അന്ത്യനാളുകളിൽ അവസാന വിധി നിർണ്ണയത്തിനായ് ദൈവം തിരിച്ച് വരും. ദുർജനങ്ങളെ തീയിലിടും, നല്ലവരെ സ്വർഗ്ഗത്തിലേക്ക് നയിക്കും.

അവതാരങ്ങൾ ഹിന്ദുമതത്തിനു നൽകിയത് മാത്രുകാപരമായ ജീവിതത്തിന്റെ ആവശ്യകത, സത്യത്തിനും, ധർമ്മത്തിനു കൊടുക്കേണ്ട സ്ഥാനം, വ്യക്തിപരമായ ഗുണങ്ങൾ എന്തെല്ലാം, സമൂഹ ജീവിതം, ഗുരുഭക്തി, ജീവിതത്തിലെ ഓരൊ വേഷവും ഭംഗിയാക്കേണ്ട ആവശ്യകത അങ്ങനെ അനവധി നന്മകളാണു. മത്സ്യം മുതൽ പൂർണ്ണ മനുഷ്യൻ വരെയുള്ള അവതാരങ്ങൾ മനുഷ്യ്യാശിയുടെ പുരോഗമനപരമായ വളർച്ചയുടെ പ്രതീകമാണു. ഈ അവതാരകഥകൾ വിശ്വസിക്കുന്നവർക്ക് ആത്മീയശക്തിയും പ്രതിബന്ധനങ്ങളെ നേരിടാനുള്ള കരുത്തും ലഭിക്കുന്നു. പുല്ലിലും, പുഴുവിലും തൂണിലും തുരുമ്പിലും നാരായണൻ വസിക്കുന്നുണ്ട്., മറഞ്ഞിരിക്കുന്നുണ്ട്, എന്ന് പുത്രനായ പ്രഹ്ലാദൻ പറഞ്ഞപ്പോൾ അത് ധിക്കാരമായി കരുതി ഹിരണ്യകശിപു വാളെടുത്ത് തൂണിൽ വെട്ടിയപ്പോൾ നരസിംഹമൂർത്തി പ്രത്യക്ഷപ്പെട്ടുവെന്നു പൂർണ്ണമായി വിശ്വസിക്കുന്നവർ ഉണ്ട്. നരസിംഹം മൂർത്തി ഒരിക്കലും പ്രത്യക്ഷപ്പെട്ടില്ലായിരിക്കാം, പ്രത്യക്ഷപ്പെടുകയില്ലായിരിക്കാം പക്ഷെ വിശ്വസിക്കുന്ന മനസ്സുകളുടെ ശക്തി അവർക്ക് രക്ഷയേകുന്നു.

**ശുഭം**